**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3275 | 20.06.2014 ൽ മറുപടിയ്ക്ക് |
| മാതൃകാ അംഗൻവാടി നിർമ്മിക്കുന്നതിനുള്ള നടപടി | |
| ചോദ്യം | ഉത്തരം |
| ശ്രീ. രാജു എബ്രഹാം | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ ഐ.സി.ഡി.എസ്. പ്രോജക്റ്റുകളുടെ കീഴിലുള്ള സ്വന്തമായി സ്ഥലം ഉള്ളതും എന്നാൽ കെട്ടിടം ഇല്ലാത്തതുമായ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) സ്വന്തമായി സ്ഥലമുള്ള അംഗനവാടികൾക്ക് കെട്ടിടം പണിയുന്നതിന് വിവിധ പദ്ധതികൾ നിലവിലുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>1. <u>സ്റ്റേറ്റ് പ്ലാൻ ഫണ്ട്</u><br>സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എല്ലാ വർഷവും അംഗൻവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാറുണ്ട്.<br><br>2. <u>നബാർഡ്- ആർഐഡിഎഫ് പദ്ധതി</u><br>നബാർഡ് ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക, കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞുവീഴാറായവ പുനർനിർമ്മിക്കുക എന്നിങ്ങനെയുള്ള 506 അംഗൻവാടികളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>3. <u>മാതൃകാ അംഗൻവാടി പദ്ധതി</u><br>ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ 140 നിയോജക മണ്ഡലങ്ങളിലും സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ യുടെ ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലുള്ള അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിനുള്ള പദ്ധതിയാണിത്.<br><br>4. <u>കേന്ദ്ര സർക്കാരിന്റെ APIP പ്രകാരമുള്ള കെട്ടിടം നിർമ്മാണം</u><br>ബലക്ഷയം വന്ന കെട്ടിടങ്ങൾ റിപ്പയർ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ 2014-15 സാമ്പത്തിക വർഷത്തിൽ APIP പ്രകാരം ഒരു ലക്ഷം വീതം ചെലവഴിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം റാന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ അംഗൻവാടികൾക്കാണ് കെട്ടിടം നിർമ്മിച്ചു നൽകുന്നതെന്നും എത്ര രൂപയാണ് കെട്ടിടം നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ളതെന്നും എന്തൊക്കെ സൗകര്യങ്ങളാണ് ഇതിൽ ലഭ്യമാക്കുന്നതെന്നും ഉള്ള വിവരങ്ങൾ നൽകാമോ ; | (ബി) റാന്നി നിയോജകമണ്ഡലത്തിൽ നിലവിൽ കെട്ടിട നിർമ്മാണം നടക്കുന്ന അംഗൻവാടികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. <u>മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണം</u><br>സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സീറ്റിംഗ് റൂം, കിച്ചൻ സ്റ്റോർ റൂം, ശിശു സൗഹൃദ ടോയ്ലെറ്റ്, കളിസ്ഥലം, കുടിവെള്ള സൗകര്യം, ക്ലാസ്സ് റൂം, ഡൈനിംഗ് റൂം, സാനിട്ടേഷൻ, അമ്മമാരുടെ യോഗങ്ങൾക്കുള്ള മുറി, കുമാരി ക്ലാസ്സുകൾ, ഇമ്മ്യൂണൈസേഷൻ സൗകര്യം, വൃദ്ധർക്കുള്ള വായനാമുറി, സ്ത്രീകൾക്ക് പകൽവീട് എന്നീ സൗകര്യത്തോടെ കൂടി 10 സെന്റ് സ്ഥലത്ത് കൊറ്റനാട് പഞ്ചായത്തിലെ 113-ാം നമ്പർ അംഗൻവാടിയെ മാതൃകാ |

| | |
|---|---|
| | അംഗൻവാടിയായി ഉയർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി 17 ലക്ഷം രൂപ വകുപ്പിൽ നിന്നും ബാക്കി 6.75 ലക്ഷം രൂപ എംഎൽഎ- യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നത്. നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>2. നബാർഡ്-ആർ.ഐ.ഡി. എഫ് പദ്ധതി<br><br>പ്രസ്തുത പദ്ധതി പ്രകാരം 9 കെട്ടിടങ്ങൾക്ക് നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. ചെലവ് 8.10 ലക്ഷം രൂപയാണ്. ആയതിൽ 6.88 ലക്ഷം രൂപ നബാർഡിൽ നിന്നും വായ്പയായി ലഭിക്കുന്നതും 1.22 ലക്ഷം രൂപ സംസ്ഥാന വിഹിതമായി ചെലവഴിക്കേണ്ടതുമാണ്.<br><br>കൊറ്റനാട് പഞ്ചായത്ത് സെന്റർ നമ്പർ 125,128 പെരുംപെട്ടി<br>കോട്ടാങ്ങൽ പഞ്ചായത്ത് സെന്റർ നമ്പർ 99,88 കോട്ടാങ്ങൽ<br>എഴുമറ്റൂർ പഞ്ചായത്ത് സെന്റർ നമ്പർ 43,49,52 (എഴുമറ്റൂർ) 51,54 ( തൊള്ളിയൂർ)<br><br>പ്ലാൻ ഫണ്ട് പദ്ധതി<br><br>അയിരൂർ പഞ്ചായത്ത് സെന്റർ നമ്പർ 72, റാന്നി പഞ്ചായത്തിലെ സെന്റർ നമ്പർ 28,29 എന്നിവയ്ക്ക് 8 ലക്ഷം രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>4. കോന്നി അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിലെ അങ്ങാടി പഞ്ചായത്തിലെ സെന്റർ നമ്പർ 25 വകുപ്പിന്റെ ഫണ്ടിൽ നിന്നും 3.5 ലക്ഷം രൂപ ചെലവാക്കി നിർമ്മാണം നടത്തിവരുന്നു. പഴവങ്ങാടി പഞ്ചായത്തിലെ സെന്റർ നമ്പർ 62-ന് പഞ്ചായത്തു ഫണ്ട് ഉപയോഗിച്ച് കെട്ടിടം പണി പൂർത്തിയാക്കി വരുന്നു. |
| (സി) മാതൃകാ അംഗൻവാടി അനുവദിക്കുന്നതിനുള്ള നടപടി വിശദീകരിക്കാമോ ; | (സി) ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അംഗൻവാടി വീതം നിർമ്മിക്കുന്ന പദ്ധതിയ്ക്ക് 10 സെന്റ് ഭൂമി ആവശ്യമാണ്. ഒരു അംഗൻവാടി കെട്ടിടത്തിന് ആകെ നിർമ്മാണ ചെലവ് 23.75 ലക്ഷം രൂപയാണ്. ആയതിൽ 17 ലക്ഷം രൂപ വകുപ്പിൽ നിന്നും 6.75 ലക്ഷം രൂപ അതാത് എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും വഹിക്കുന്നതാണ്. |
| (ഡി) ആർ.ഐ.ഡി.എഫ് ൽ ഉൾപ്പെടുത്തി അംഗൻവാടി കെട്ടിടം നിർമ്മിക്കുന്ന നടപടി വിശദീകരിക്കാമോ? | (ഡി) നബാർഡ്-ആർ.ഐ.ഡി.എഫ് പദ്ധതിയിൽ 506 അംഗൻവാടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി 376 അംഗൻവാടികൾ നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരു അംഗൻവാടിയ്ക്ക് ആകെ നിർമ്മാണ ചെലവ് 8.10 ലക്ഷം രൂപയാണ്. ആയതിൽ 6.88 ലക്ഷം രൂപ നബാർഡിൽ നിന്നും വായ്പയായി ലഭിക്കുന്നതും 1.22 ലക്ഷം രൂപ സംസ്ഥാന വിഹിതമായി ചെലവഴിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ